## റോമർ 8

**I. റോമർ 8-നെ മുഴുവൻ ബൈബിളിന്റെ ദൃഷ്ടികേന്ദ്രമായും പ്രപഞ്ചത്തിന്റെ കേന്ദ്രബിന്ദുവായും കണക്കാക്കുവാൻ കഴിയും; അതിനാൽ, നാം റോമർ 8 അനുഭവമാക്കുകയാണെങ്കിൽ, നാം പ്രപഞ്ചത്തിന്റെ കേന്ദ്രത്തിലാണ്**

**II. റോമർ 8 ഒരു ഉപദേശപരമായ അധ്യായമല്ല, ഒരു അനുഭവപരമായ അധ്യായമാണ്; അത് ത്രിത്വത്തിന്റെ ഉപദേശത്തെക്കുറിച്ചല്ല, ക്രിസ്തീയ ജീവിതാനുഭവത്തിലെ ത്രിത്വത്തെക്കുറിച്ചത്രേ സംസാരിക്കുന്നത്.**

**III. ജീവന്റെ ആത്മാവിന്റെ പ്രമാണമെന്ന നിലയിൽ പ്രക്രിയാവിധേയനായ ത്രിയേകദൈവം വിശ്വാസികൾക്ക് തങ്ങളുടെ ജീവിതത്തിനായി ദിവ്യജീവൻ നൽകുന്നുവെന്ന് റോമർ 8 വെളിപ്പെടുത്തുന്നു.**

**IV. റോമർ 8 ത്രിയേക ദൈവത്തിന്റെ ആത്യന്തിക പരിണതിയായ സർവ്വവും ഉൾക്കൊള്ളുന്ന ജീവൻ നൽകുന്ന ആത്മാവെന്ന വിഷയത്തെക്കുറിച്ചാണ് പരാമർശിക്കുന്നത്; ഈ ആത്മാവ് നമ്മെ ജീവനിലും, സ്വഭാവത്തിലും, ആവിഷ്കാരത്തിലും ക്രിസ്തുവിനെപ്പോലെ തന്നെയാക്കും; ഇതാണ് റോമർ 8**

## റോമർ 8:9

**V. "എന്നാൽ ദൈവത്തിന്റെ ആത്മാവ് നിശ്ചയമായും നിങ്ങളിൽ വസിക്കുന്നു എങ്കിൽ, നിങ്ങൾ ജഡത്തിലല്ല ആത്മാവിലത്രേ ആകുന്നു"—**വാ. 9a

- ഈ അധ്യായത്തിൽ ത്രിയേകദൈവം—പിതാവ്, പുത്രൻ, ആത്മാവ്—ക്രിസ്തുവിന്റെ ശരീരത്തിന്റെ സംരചനക്കായി നമ്മെ അവന്റെ പുത്രന്മാരാക്കുവാൻ ത്രിഭാഗീയ മനുഷ്യരായ—ആത്മാവ്, ദേഹി, ദേഹം—നമ്മിലേക്ക് എപ്രകാരം തന്നെത്തന്നെ ജീവനായി പകരുന്നു എന്ന് അനാവരണം ചെയ്യുന്നു.
- ത്രിയേകദൈവത്തിന്റെ ആത്മാവിനെ നമ്മിൽ തന്റെ ഭവനം പണിയുവാൻ നാം അനുവദിക്കുന്നുവെങ്കിൽ, നമ്മുടെ അനുഭവത്തിൽ ഇനിമേൽ നാം ജഡത്തിലല്ല, ആത്മാവിലാണ്.

**VI. "എങ്കിലും ഒരുവന് ക്രിസ്തുവിന്റെ ആത്മാവില്ലെങ്കിൽ, അവൻ അവനിൽനിന്നുള്ളവനല്ല"—**വാ. 9b

- ക്രിസ്തുവിന്റെ ആത്മാവില്ലായിരുന്നുവെങ്കിൽ, അഥവാ ക്രിസ്തു ആത്മാവല്ലായിരുന്നുവെങ്കിൽ, നമുക്ക് അവനോട് ചേരുവാനും അവന്റേതായിരിക്കുവാനും ഒരു മാർഗവും ഉണ്ടായിരിക്കുമായിരുന്നില്ല
- ക്രിസ്തു ആത്മാവാണ് (2 കൊരി. 3:17), അവൻ നമ്മുടെ ആത്മാവിൽ വസിക്കുന്നു (2 തിമൊ. 4:22), അവൻ നമ്മോടുകൂടെ ഏകാത്മാവാണ് (1 കൊരി. 6:17)
- ദൈവത്തിന്റെ ആത്മാവും ക്രിസ്തുവിന്റെ ആത്മാവും രണ്ട് ആത്മാക്കളല്ല, ഒന്നാണ്
- ദൈവവും ആത്മാവും ക്രിസ്തുവും വാക്യം 9-ൽ പരാമർശിക്കപ്പെടുന്നു.
- നമ്മിൽ മൂന്നുപേരില്ല; ത്രിയേകദൈവത്തിന്റെ ത്രിയേക ആത്മാവായ ഒരുവൻ മാത്രമേയുള്ളൂ
- 

## റോമർ 8:10

**VII. "എന്നാൽ ക്രിസ്തു നിങ്ങളിൽ ഉണ്ടെങ്കിലോ, ശരീരം പാപം നിമിത്തം മരിച്ചതെങ്കിലും, ആത്മാവ് നീതി നിമിത്തം ജീവൻ ആകുന്നു"—**വാ. 10

- "ക്രിസ്തു...നിങ്ങളിൽ" എന്നതാണ് റോമർക്ക് എഴുതിയലേഖനത്തിലെ നിർണായകമായ കാര്യം:
  - മൂന്നാം അധ്യായത്തിൽ, നമ്മുടെ വീണ്ടെടുപ്പിനായി തന്റെ രക്തം ചൊരിഞ്ഞുകൊണ്ട് ക്രസ്തു ക്രൂശിലാണ്.
  - നാലാം അധ്യായത്തിൽ ക്രിസ്തു പുനരുത്ഥാനത്തിലാണ്.
  - ആറാം അധ്യായത്തിൽ നാം ക്രിസ്തുവിലാണ്.
  - എട്ടാം അധ്യായത്തിൽ ക്രിസ്തു നമ്മിലുള്ള ആത്മാവാണ്.
- ഇപ്പോൾ ക്രിസ്തു നമ്മിൽ ഉള്ളതിനാൽ, പുറമേയുള്ള നമ്മുടെ ശരീരം പാപം നിമിത്തം മരിച്ചതാണെങ്കിലും, അകമേയുള്ള നമ്മുടെ ആത്മാവ് നീതി നിമിത്തം ജീവനാകുന്നു
- നമ്മുടെ ആത്മാവിൽ നീതിയെന്ന നിലയിൽ ആത്മാവായ ക്രിസ്തുവുണ്ട്, അത് ജീവനിൽ പരിണമിക്കുന്നു; എന്നാൽ നമ്മുടെ ജഡത്തിൽ പാപമെന്ന നിലയിൽ സാത്താൻ ഉണ്ട്, അത് മരണത്തിൽ പരിണമിക്കുന്നു.
- വീണുപോയ മനുഷ്യശരീരത്തിന് വിരുദ്ധമായി, റോമർ 8:10-ലെ ആത്മാവ് വീണ്ടുംജനിച്ച മനുഷ്യാത്മാവാണ്.
- നമ്മുടെ ആത്മാവ് വീണ്ടുംജനിക്കുകയും ജീവിപ്പിക്കപ്പെടുകയും മാത്രമല്ല ചെയ്തത്; അത് ജീവനായിത്തീരുകയും ചെയ്തിരിക്കുന്നു
- ദൈവത്തിന്റെ നീതീകരണത്തിൽ നമുക്ക് നീതി ലഭിച്ചിരിക്കുന്നു, അത് ത്രിയേക ദൈവം തന്നെ നമ്മുടെ ആളത്തത്തിലേക്ക്, നമ്മുടെ ആത്മാവിക്ക് പ്രവേശിക്കുന്നതാണ്

## റോമർ 8:11

**VIII. "യേശുവിനെ മരിച്ചവരിൽ നിന്ന് ഉയിർപ്പിച്ചവന്റെ ആത്മാവ് നിങ്ങളിൽ വസിക്കുന്നുവെങ്കിൽ, ക്രിസ്തുവിനെ മരിച്ചവരിൽനിന്ന് ഉയിർപ്പിച്ചവൻ നിങ്ങളിൽ വസിക്കുന്ന തന്റെ ആത്മാവിലൂടെ നിങ്ങളുടെ മർത്യശരീരങ്ങൾക്കും ജീവൻ നൽകും"—**8:11

- ഈ വാക്യത്തിൽ നമുക്ക് സമ്പൂർണ്ണ ത്രിയേകദൈവവുമുണ്ട്—"യേശുവിനെ മരിച്ചവരിൽ നിന്ന് ഉയിർപ്പിച്ചവൻ," "ക്രിസ്തു," "നിങ്ങളിൽ വസിക്കുന്ന തന്റെ ആത്മാവ്."
- നിങ്ങളുടെ മർത്യശരീരങ്ങൾക്കും ജീവൻ നൽകും എന്ന വാക്കുകളിൽനിന്ന് കാണാവുന്നതുപോലെ, ക്രിസ്തു തന്നെത്തന്നെ വിശ്വാസികളിലേക്ക് പകരുന്നു, ഇത് സൂചിപ്പിക്കുന്നത് പകർച്ച സംഭവിക്കുന്നത് നമ്മുടെ ആളത്തത്തിന്റെ കേന്ദ്രത്തിൽ മാത്രമല്ല, അത് ചുറ്റളവിലേക്കും, നമ്മുടെ മുഴുവൻ ആളത്തത്തിലേക്കും എത്തുന്നു എന്നാണ്.
- ജീവൻ നൽകും എന്നത് ദിവ്യ രോഗശാന്തിയെയല്ല, പിന്നെയോ ദൈവാത്മാവിനെ നമ്മിൽ തന്റെ ഭവനം പണിയുവാനും, നമ്മുടെ മുഴുവൻ ആളത്തത്തെയും ദിവ്യജീവനാൽ സാന്ദ്രീകരിക്കുവാനും അനുവദിക്കുന്നതിന്റെ ഫലത്തെയാണ് സൂചിപ്പിക്കുന്നത്.
- ഈ രീതിയിൽ നമ്മുടെ മർത്യവും, മരിച്ചുകൊണ്ടിരിക്കുന്നതുമായ ശരീരത്തിന് അവൻ തന്റെ ജീവൻ നൽകുന്നത് അതിനെ കേവലം സൗഖ്യമാക്കുവാൻ മാത്രമല്ല, തന്റെ ഹിതം നിറവേറ്റുന്നതിനായി അതിനെ ജീവിപ്പിക്കുന്നതിനും വേണ്ടിയാണ്.

| റോമർ 7-ഉം റോമർ 8-ഉം തമ്മിലുള്ള വിരുദ്ധത | |
|---|---|
| **റോമർ 7** | **റോമർ 8** |
| ബന്ധനം | സ്വാതന്ത്ര്യം |
| ന്യായപ്രമാണം | ദൈവത്തിന്റെ ആത്മാവ് |
| ജഡം | നമ്മുടെ ആത്മാവ് |
| ഉൾവസിക്കുന്ന പാപം | ഉൾവസിക്കുന്ന ക്രിസ്തു |
| അരിഷ്ടത—സകല അരിഷ്ടതയുടെയും പ്രധാന ഘടകമായി ഉൾവസിക്കുന്ന പാപം | അനുഗ്രഹം—സകല അനുഗ്രഹീതാവസ്ഥ യുടെയും ഘടകമായി ഉൾവസിക്കുന്ന ക്രിസ്തു |

**ഉൾവസിക്കുന്ന ക്രിസ്തു:**
റോമർ 8:2 എന്തെന്നാൽ ജീവന്റെ ആത്മാവിന്റെ പ്രമാണം എന്നെ പാപത്തിന്റെയും മരണത്തിന്റെയും പ്രമാണത്തിൽനിന്ന് ക്രിസ്തു യേശുവിൽ സ്വതന്ത്രനാക്കിയിരിക്കുന്നു.
6 ജഡത്തിൽ ഉറപ്പിച്ചിരിക്കുന്ന മനസ്സ് മരണം ആകുന്നു, എന്നാൽ ആത്മാവിൽ ഉറപ്പിച്ചിരിക്കുന്ന മനസ്സ് ജീവനും സമാധാനവും ആകുന്നു.
9 എന്നാൽ ദൈവത്തിന്റെ ആത്മാവ് നിശ്ചയമായും നിങ്ങളിൽ വസിക്കുന്നു എങ്കിൽ, നിങ്ങൾ ജഡത്തിലല്ല ആത്മാവിലത്രേ ആകുന്നു. എങ്കിലും ഒരുവന് ക്രിസ്തുവിന്റെ ആത്മാവില്ലെങ്കിൽ, അവൻ അവനിൽനിന്നുള്ളവനല്ല.
10 എന്നാൽ ക്രിസ്തു നിങ്ങളിൽ ഉണ്ടെങ്കിലോ, ശരീരം പാപം നിമിത്തം മരിച്ചതെങ്കിലും, ആത്മാവ് നീതി നിമിത്തം ജീവൻ ആകുന്നു.
11 യേശുവിനെ മരിച്ചവരിൽനിന്ന് ഉയിർപ്പിച്ചവന്റെ ആത്മാവ് നിങ്ങളിൽ വസിക്കുന്നുവെങ്കിൽ, ക്രിസ്തുവിനെ മരിച്ചവരിൽനിന്ന് ഉയിർപ്പിച്ചവൻ നിങ്ങളിൽ വസിക്കുന്ന തന്റെ ആത്മാവിലൂടെ നിങ്ങളുടെ മർത്ത്യശരീരങ്ങൾക്കും ജീവൻ നൽകും.

റോമർ 8:9-11 ക്രിസ്തുവിനെ ക്രിസ്തുവിന്റെ ആത്മാവായി അവതരിപ്പിക്കുന്നു. ക്രിസ്തുവിന്റെ ആത്മാവ്, നമുക്ക് അനുഭവമാക്കുവാനും ആസ്വദിക്കുവാനും കഴിയുന്ന ക്രിസ്തു താൻതന്നെയാണ്. ക്രിസ്തു ആത്മാവായിരുന്നില്ലെങ്കിൽ, അവന് ഒരിക്കലും നമ്മിൽ ഉൾവസിക്കുവാൻ കഴിയുമായിരുന്നില്ല. നമ്മിൽ ഉൾവസിക്കുവാൻ അവൻ ആത്മാവായിരിക്കണം. 9, 10 വാക്യങ്ങളിൽ, ഒരേ അർത്ഥമുള്ള മൂന്ന് പദങ്ങൾ ഒന്നിനുപകരം മറ്റൊന്നായി ഉപയോഗിച്ചിരിക്കുന്നത് നാം കാണുന്നു: ദൈവത്തിന്റെ ആത്മാവ്, ക്രിസ്തുവിന്റെ ആത്മാവ്, ക്രിസ്തു. കൂടാതെ, 11-ാം വാക്യം ഉൾവസിക്കുന്ന ആത്മാവിനെ പരാമർശിക്കുന്നു. ഈ പര്യായപദങ്ങൾ ക്രിസ്തു ഉൾവസിക്കുന്ന ആത്മാവാണെന്ന് സൂചിപ്പിക്കുകയും തെളിയിക്കുകയും ചെയ്യുന്നു. 9-ാം വാക്യത്തിലെ "ദൈവത്തിന്റെ ആത്മാവ്" 2-ാം വാക്യത്തിലെ "ജീവന്റെ ആത്മാവ്" ആണ്. പൗലൊസ് "ദൈവത്തിന്റെ ആത്മാവിനെ" കുറിച്ച് പരാമർശിച്ചതിനു ശേഷം, അവൻ "ക്രിസ്തുവിന്റെ ആത്മാവിനെയും" "ക്രിസ്തു"-വിനെത്തന്നെയും കുറിച്ച് സംസാരിക്കുന്നു. തുടർന്ന് 11-ാം വാക്യത്തിൽ അവൻ ഉൾവസിക്കുന്ന ആത്മാവിനെ പരാമർശിക്കുന്നു.

ഇതിനർത്ഥം ദൈവത്തിന്റെ ആത്മാവ് ക്രിസ്തുവിന്റെ ആത്മാവാണെന്നും ക്രിസ്തുവിന്റെ ആത്മാവ് ക്രിസ്തു താൻതന്നെയാണെന്നുമാണ്. അതുകൊണ്ട്, നമ്മിലുള്ള ക്രിസ്തു ഉൾവസിക്കുന്ന ആത്മാവാണ്. ക്രിസ്തു ഇന്ന് ആത്മാവാണ്, ക്രിസ്തുവിന്റെ ആത്മാവ് നമ്മിലുള്ള ക്രിസ്തു തന്നെയുമാണ്. വസ്തുത പ്രകാരം ഇത് ക്രിസ്തുവാണ്; അനുഭവപ്രകാരം ഇത് ആത്മാവാണ്. നാം അവനെ അനുഭവമാക്കുമ്പോൾ, അവൻ ആത്മാവാണ്; നാം അവനെ ആരാധിക്കുകയും, അവനെ വിളിച്ചപേക്ഷിക്കുകയും, അവനെക്കുറിച്ച് സംസാരിക്കുകയും ചെയ്യുമ്പോൾ അവൻ ക്രിസ്തുവാണ്. നാം അവനെ നമ്മുടെ രക്ഷകനായും വീണ്ടെടുപ്പുകാരനായും സ്വീകരിക്കുന്നു, എന്നാൽ, അവൻ ആത്മാവായി നമ്മിലേക്ക് പ്രവേശിക്കുന്നു. വീണ്ടെടുപ്പുകാരൻ എന്ന നിലയിൽ, അവന് ക്രിസ്തു എന്ന അഭിധാനമുണ്ട്; ഉൾവസിക്കുന്ന വൻ എന്ന നിലയിൽ, അവന് ആത്മാവ് എന്ന അഭിധാനമുണ്ട്. ഇവർ നമ്മിൽ വസിക്കുന്ന രണ്ടുപേരല്ല, രണ്ട് ഭാവങ്ങളിലുള്ള ഒരേ നിവാസിയാണ്.

അവൻ ജീവന്റെ ആത്മാവാണ്, അവൻ ദൈവത്തിന്റെ ആത്മാവാണ്, അവൻ തന്നെത്തന്നെ ജീവനായി നമുക്ക് പകർന്നുനൽകേണ്ടതിന് നമ്മിൽ ഉൾവസിക്കുന്ന ക്രിസ്തുവിന്റെ ആത്മാവുമാണ്. ക്രിസ്തു നമ്മുടെ ആത്മാവിന് (വാ. 10) മാത്രമല്ല, നമ്മുടെ മനസ്സിനും (വാ. 6) നമ്മുടെ മർത്ത്യശരീരത്തിനും (വാ. 11) ജീവൻ പകരുന്നു. അതുകൊണ്ട്, ക്രിസ്തു ഇപ്പോൾ പരിശുദ്ധാത്മാവിൽ ജീവനാണ് (വാ. 2), നമ്മുടെ ആത്മാവിൽ ജീവനാണ് (വാ. 10), നമ്മുടെ മനസ്സിൽ ജീവനാണ് (വാ. 6), നമ്മുടെ മർത്ത്യശരീരത്തിൽ ജീവനാണ് (വാ. 11). ക്രിസ്തു നാല് മടങ്ങ് സമ്പന്നമായ ജീവനാണ്. കർത്താവ് ഇത് നമുക്ക് കേവലം ഒരു ഉപദേശപരമായ രീതിയിൽ മാത്രമല്ല, മറിച്ച് അനുഭവത്തിന്റെ രീതിയിൽ പൂർണ്ണമായി വെളിപ്പെടുത്തുമാറാകട്ടെ. നാല് മടങ്ങ് സമ്പന്നമായ ജീവനായി നമ്മുടെ ക്രിസ്തു ഉൾവസിക്കുന്ന ആത്മാവാണെന്ന് നാമെല്ലാവരും കാണണം.

"ക്രിസ്തു നിങ്ങളിൽ," എന്നതാണ് റോമർക്ക് എഴുതിയ ലേഖനത്തിലെ നിർണായക വിഷയം. അധ്യായം 3-ൽ ക്രിസ്തു നമ്മുടെ വീണ്ടെടുപ്പിനുവേണ്ടി തന്റെ രക്തം ചൊരിഞ്ഞുകൊണ്ട് ക്രൂശിന്മേലാണ്; അധ്യായം 4-ൽ അവൻ പുനരുത്ഥാനത്തിലാണ്; അധ്യായം 6-ൽ നാം അവനിലാണ്; ഇപ്പോൾ, അധ്യായം 8-ൽ അവൻ നമ്മുടെ ഉള്ളിലെ ആത്മാവാണ്. അവൻ ഉൾവസിക്കുന്ന ക്രിസ്തുവാണ്.